പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2795 — 14.02.2013-ൽ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ സ്മാർട്ട് കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ : | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ സ്മാർട്ട് കാർഡിന്റെ ഫോട്ടോ എടുക്കലും വിതരണവും ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത് ; | (എ) യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയാണ് നടപ്പു വർഷത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ സ്മാർട്ട് കാർഡിന്റെ ഫോട്ടോ എടുക്കലും വിതരണവും ഉൾപ്പെടെയുള്ള നടപടികൾ എടുത്ത് വരുന്നത്. |
| (ബി) ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ കഴിഞ്ഞ വർഷം മെഡ്സേവ് എന്ന തേർഡ് പാർട്ടി ഏജന്റ് തേർഡ് പാർട്ടി ഫണ്ട് വഴി വിതരണം നടത്തിയതു മൂലം നിരവധി അപാകതകൾ ഉണ്ടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ ; | (ബി) ഇല്ല |
| (സി) 16.05.2012 ലെ സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ 70/2012/ തൊഴിൽ പ്രകാരം രാഷ്ട്രീയ സ്വാസ്ഥ്യാ ബീമായോജനയുടെ സ്മാർട്ട് കാർഡ് പുതുക്കൽ അക്ഷയ കേന്ദ്രങ്ങൾ വഴി മാത്രമേ നടത്താവൂ എന്ന ഉത്തരവ് നിലനിൽക്കെ മറ്റ് ഏജൻസികളെ കാർഡ് പുതുക്കുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവാക്കുമോ ? | (സി) കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ അനുസരിച്ച് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ സ്മാർട്ട് കാർഡ് പുതുക്കൽ സംബന്ധമായ കാര്യങ്ങൾ നടപ്പാക്കുന്നത് ഇൻഷ്വറൻസ് കമ്പനിയാണ്. |

സെക്ഷൻ ഓഫീസർ